*ഉത്തരം*

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) യോഗം വിളിച്ചുകൂട്ടുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**ജപ്പാൻ കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള അവസ്ഥ**

92 [1029] *ശ്രീ. തോമസ് ഉണ്ണിയാടൻ:*
" *ജോസഫ് എം. പുതുശ്ശേരി:*
" *സ്റ്റീഫൻ ജോർജ്:*

*ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള അവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി മുഖേന എത്ര ഉപഭോക്താക്കൾക്ക് ഗുണം കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) സംസ്ഥാനത്തുടനീളം കുടിവെള്ളക്ഷാമമുള്ള പ്രദേശങ്ങളിൽ ഇതേ മാതൃക അവലംബിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഈ പദ്ധതിക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

*ഉത്തരം*

(എ) ജപ്പാൻ ബാങ്കിന്റെ സഹായത്തോടെ നടപ്പാക്കുന്ന കേരള വാട്ടർ സപ്ലൈ പ്രോജക്ടിൽ ഉൾപ്പെടുന്ന 5 പദ്ധതികളുടേയും വിവിധ സർവ്വേ ജോലികൾ, ഡിസൈനുകൾ തയ്യാറാക്കൽ, ടെണ്ടറുകൾക്കുവേണ്ടിയുള്ള പ്രീ-ക്വാളിഫിക്കേഷൻ മുതലായവ പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതിയുടെ വിവിധ ഘടകങ്ങൾക്കു വേണ്ടിയുള്ള ടെണ്ടറുകൾ ക്ഷണിച്ചുകൊണ്ടിരിക്കുന്നു. നിർമ്മാണപ്രവർത്തനങ്ങൾ 2005 നവംബർ മാസത്തിൽ ആരംഭിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു.

(ബി) ഏകദേശം 41 ലക്ഷം ഉപഭോക്താക്കൾക്ക് ഗുണം കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) ഇതിനുള്ള സാധ്യതകൾ പരിശോധിക്കാവുന്നതാണ്.

(ഡി) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ അടങ്കൽ തുക 1787.45 കോടി രൂപയാണ്. ഈ വർഷം 440 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly